ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

DATE: 22.12.2025

TIME : 12.30 PM

## പ്രധാന വാർത്തകൾ

1. സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കരട് വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും. പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ.
2. പാലക്കാട് വാളയാറിൽ ആൾക്കൂട്ട മർദ്ദനത്തെത്തുടർന്ന് കൊല്ലപ്പെട്ട ഇതര സംസ്ഥാന തൊഴിലാളിയുടെ കുടുംബത്തിന് നീതി ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
3. സപ്ലൈകോയുടെ ക്രിസ്മസ്-പുതുവത്സര ഫെയറുകൾക്ക് തുടക്കമായി. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജി. ആർ. അനിൽ തിരുവനന്തപുരത്ത് നിർവഹിച്ചു.
4. കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന യുവസംരംഭക ഉച്ചകോടിയ്ക്ക് കാസർകോട് തുടക്കം. വനിതാ സംരംഭകത്വത്തിന് പ്രത്യേക പ്രാധാന്യം നൽകും.
5. ശബരിമല സന്നിധാനത്തേയ്ക്കുള്ള തങ്ക അങ്കിരഥഘോഷയാത്ര നാളെ ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽനിന്നും യാത്ര തിരിക്കും.
6. പൊതുജനങ്ങൾക്ക് യാത്രക്കിടെ ശുചിമുറികൾ കണ്ടെത്താൻ സഹായിക്കുന്ന 'ക്ലൂ' മൊബൈൽ ആപ്ലിക്കേഷൻ സംസ്ഥാനത്ത് നാളെ പുറത്തിറക്കും.

## മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കരട് വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും. പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ അറിയിച്ചു. കരട് വോട്ടർപട്ടിക സംബന്ധിച്ച പരാതികൾ ജനുവരി 22 വരെ voters.eci.gov.in എന്ന പോർട്ടലിൽ സമർപ്പിക്കാം. അതേസമയം, കൃത്യവും സംശുദ്ധവുമായ വോട്ടർപട്ടിക തയ്യാറാക്കുന്നതിനായുള്ള എസ്ഐആർ നടപടികളുടെ പൂർത്തീകരണത്തിനായി രാഷ്ട്രീയ കക്ഷികളുടെയും പൊതുജനങ്ങളുടെയും സഹകരണം വേണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ സ്പെഷ്യൽ റോൾ ഒബ്സർവർ ഐശ്വര്യ സിംഗ് പറഞ്ഞു.

*********************************

## ആജീവിക (ഇൻട്രോ)

വികസിത് ഭാരത് - റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം. ഇതോടെ ബിൽ നിയമമായി. ഗ്രാമീണ കുടുംബങ്ങൾക്ക് 125 ദിവസത്തെ തൊഴിൽ, നിയമം ഉറപ്പുവരുത്തുന്നു. പുതിയ തൊഴിലുറപ്പ് **നിയമത്തെക്കുറിച്ച് കേന്ദ്ര സർവ്വകലാശാല മുൻ വൈസ് ചാൻസിലർ ജി. ഗോപകുമാർ ആകാശവാണി വാർത്തകളോട്...**

(വോയിസ്)

*********************************

## പാലക്കാട്-മർദ്ദിച്ചുകൊന്ന കേസ്

പാലക്കാട് വാളയാറിൽ ആൾക്കൂട്ട മർദ്ദനത്തെത്തുടർന്ന് കൊല്ലപ്പെട്ട ഇതര സംസ്ഥാന തൊഴിലാളി റാം നാരായൺ ബഘേലിന്റെ കുടുംബത്തിന് നീതി ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി

പിണറായി വിജയൻ. പ്രതികൾക്കതിരെ കർശന നടപടിയെടുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. റാം നാരായണിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം നൽകുന്നത് ഗൗരവമായി പരിഗണിക്കുന്നതായി മന്ത്രി കെ രാജൻ പറഞ്ഞു. മന്ത്രിയുമായി നടത്തിയ ചർച്ചയെ തുടർന്ന് മൃതദേഹം ഏറ്റെടുക്കാൻ കുടുംബാംഗങ്ങൾ തയ്യാറായി. സംഭവത്തിൽ 5 പേർ റിമാന്റിലാണ്. കൂടുതൽ അന്വേഷണം നടത്തി ആവശ്യമെങ്കിൽ പ്രതികളുടെ ജാമ്യം റദ്ദാക്കുമെന്ന് പാലക്കാട് ജില്ലാ പോലീസ് മേധാവി അജിത് കുമാർ പറഞ്ഞു.

*********************************

## ക്രിസ്തുമസ് ആഘോഷങ്ങൾ

തിരുവനന്തപുരത്ത് ക്രിസ്തുമസ് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് ഇന്ന് വൈകിട്ട് പാളയം സെന്റ് ജോസഫ്സ് മെട്രോപൊളിറ്റൻ കത്തീഡ്രലിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് റാലി നടക്കും. ക്രിസ്തുമസ് പപ്പാമാരുടെ വേഷമണിഞ്ഞ നൂറുകണക്കിന് വിശ്വാസികളും ഫ്ളോട്ടുകളും കലാപ്രകടനങ്ങളും റാലിയെ വർണാഭമാക്കും. നാളെ വൈകുന്നേരം മുതൽ ക്രിസ്തുമസ് ദൃശ്യാവിഷ്കാരവും ദേവാലയ പരിസരത്ത് ഒരുക്കും.

*********************************

## സപ്ലൈകോ - ജി ആർ അനിൽ (ഇൻട്രോ)

കേരളത്തിൽ സപ്ലൈകോയുടെ ക്രിസ്മസ്-പുതുവത്സര ഫെയറുകൾക്ക് തുടക്കമായി. ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജി. ആർ. അനിൽ തിരുവനന്തപുരത്ത് നിർവഹിച്ചു. പൊതുവിപണിയിൽ വിലവർധനവ് ഉണ്ടായാലും പൊതുജനങ്ങളെ അത് ബാധിക്കാതിരിക്കാനാണ് സപ്ലൈക്കോ ഫെയറുകൾ നടത്തുന്നതെന്ന് മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

ഈ മാസം 31 വരെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിലാണ് പ്രത്യേക ഫെയറുകൾ സംഘടിപ്പിക്കുന്നത്.

*********************************

## ഗണിതശാസ്ത്ര ദിനം

ഇന്ന് രാജ്യം ഗണിതശാസ്ത്ര ദിനം ആചരിക്കുന്നു. പ്രശസ്ത ഗണിതശാസ്ത്രജ്ഞനും ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട വ്യക്തിത്വവുമായ ശ്രീനിവാസ രാമാനുജന്റെ ജന്മദിനമാണ് ദേശീയ ഗണിതശാസ്ത്ര ദിനമായി ആചരിക്കുന്നത്. 'ഗണിതം, കല, സർഗ്ഗാത്മകത' എന്നതാണ് ഈ വർഷത്തെ പ്രമേയം. ശാസ്ത്ര പുരോഗതിയിലും ദൈനംദിന ജീവിതത്തിലും ഗണിതത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നതിനായാണ് ദിനാചരണം ലക്ഷ്യമിടുന്നത്.

*********************************

## റബ്ബർ ബോർഡ്

റബ്ബർ പാലിൽ നിന്ന് നിർമ്മിച്ച പരിസ്ഥിതി സൗഹൃദ പെയിന്റ് നിർമ്മാണ ഫോർമുല നാളെ കോട്ടയം പുതുപ്പള്ളിയിൽ മന്ത്രി വി എൻ വാസവൻ ഉദ്ഘാടനം ചെയ്യും. പരമ്പരാഗത എമർഷെൻ പെയിന്റുകളെക്കാൾ ഗുണനിലവാരമുള്ളതായി കണക്കാക്കുന്ന ഈ പെയിന്റ് ഫോർമുല റബ്ബർ ബോർഡിന് കീഴിലുള്ള ഗവേഷണ സ്ഥാപനത്തിലാണ് നിർമിച്ചത്.

*********************************

## യുവ സംരംഭക ഉച്ചകോടി

കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ യുവസംരംഭക ഉച്ചകോടിയ്ക്ക് കാസർകോട് തുടക്കം. കാസർകോട് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിൽ

നടക്കുന്ന ഉച്ചകോടിയിൽ ആയിരക്കണക്കിന് വിദ്യാർത്ഥികളും യുവസംരംഭകരും സ്റ്റാർട്ടപ്പ് സ്ഥാപകരും വ്യവസായ വിദഗ്ധരും പങ്കെടുക്കുന്നുണ്ട്. വനിതാ സംരംഭകത്വത്തിന് പ്രത്യേക പ്രാധാന്യം നൽകുന്ന പരിപാടികളും സ്റ്റാർട്ടപ്പ് എക്സ്പോയും കരകൗശല സ്റ്റാളുകളും ഉച്ചകോടിയുടെ ഭാഗമാണ്.

*******************************

**ക്ലൂ മൊബൈൽ ആപ്പ്**

പൊതുജനങ്ങൾക്ക് യാത്രക്കിടെ ശുചിമുറികൾ കണ്ടെത്താൻ സഹായകമാകുന്ന 'ക്ലൂ' മൊബൈൽ ആപ്ലിക്കേഷൻ സംസ്ഥാനത്ത് നാളെ പുറത്തിറക്കും. ക്ലൂ സംവിധാനത്തിന്റെ ഉദ്ഘാടനം മന്ത്രി എം.ബി. രാജേഷ് തിരുവനന്തപുരത്ത് നിർവ്വഹിക്കും. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 'മാലിന്യമുക്തം നവകേരളം' പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷനാണ് ക്ലൂ ആപ്പ് സജ്ജമാക്കിയത്.

*******************************

**സംരംഭങ്ങൾ- കേന്ദ്രപദ്ധതി (ഇൻട്രോ)**

സംരംഭകരെ സഹായിക്കാൻ കേന്ദ്ര ഗവൺമെന്റ് നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പദ്ധതികൾ ഉപയോഗപ്പെടുത്തി സംരംഭങ്ങൾ തുടങ്ങി വിജയപാതയിലാണ് കണ്ണൂർ പിണറായിയിലെ പി.വിനേഷ് കുമാർ-കെ.സി ദിൽന ദമ്പതിമാർ.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

*******************************

**മൻ കി ബാത്ത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 26 വരെ അറിയിക്കാം.

********************************

## ശബരിമല (ഇൻട്രോ)

ശബരിമല സന്നിധാനത്തേയ്ക്കുള്ള തങ്ക അങ്കിരഥഘോഷയാത്ര നാളെ രാവിലെ ഏഴിനു ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽനിന്നും യാത്ര തിരിക്കും. തങ്ക അങ്കി ഘോഷയാത്രയ്ക്കുള്ള അവസാനവട്ട ഒരുക്കങ്ങളിലാണ് ആറന്മുളയും പരിസരപ്രദേശങ്ങളും. ദേവസ്വം ബോർഡിന്റെ ആറന്മുള സ്ട്രോങ് റൂമിൽ നിന്ന് തങ്ക അങ്കി പുറത്തെടുത്തു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...

(വോയിസ്)

********************************

## മസ്തിഷ്ക മരണം

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മസ്തിഷ്ക മരണം സംഭവിച്ച യുവാവിന്റെ ഹൃദയം അൽപ സമയത്തിനകം എയർ ആംബുലൻസിൽ എറണാകുളത്തേക്ക് കൊണ്ടു പോകും. എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന നേപ്പാൾ സ്വദേശിനിയ്ക്കാണ് ഹൃദയ വാൾവ് നൽകുന്നത്.

********************************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 499 പോയിന്റ് വർധിച്ചു 85,422 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 170 പോയിന്റ് നേട്ടത്തിൽ 26,137 ലും വ്യാപാരം തുടരുന്നു. സ്വർണവില വർധിച്ചു. സ്വർണം ഗ്രാമിന് 100 രൂപ ഉയർന്നു 12,400 രൂപയും, പവന് 800 രൂപ വർധിച്ചു 99,200 രൂപയുമാണ് ഇന്നത്തെ വില.

*

*********

********************************************************